# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 5535** **25.10.2011 ൽ മറുപടിക്ക്**

**കണ്ണൂർ ജില്ലയിലെ റോഡ്, പാലം നിർമ്മാണ പ്രവൃത്തികൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ഇ.പി. ജയരാജൻ** | **ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്തുവകുപ്പു മന്ത്രി)** |
| (എ) ഈ ഗവൺമെന്റ് അധികാരമേറ്റ ശേഷം നാളിതുവരെ കണ്ണൂർ ജില്ലയിലെ പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള ഏതെല്ലാം റോഡ് നിർമ്മാണ പ്രവർത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും, ഓരോ പ്രവൃത്തിക്കും എത്ര തുകയുടെ ഭരണാനുമതി ലഭ്യമാക്കിയെന്നും വ്യക്തമാക്കുമോ ; | (എ) ഈ ഗവൺമെന്റ് അധികാരമേറ്റ ശേഷം കണ്ണൂർ ജില്ലയിൽ പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിനു കീഴിൽ പദ്ധതി ഇനത്തിൽ ഇതുവരെ ഒരു റോഡ് നിർമ്മാണ പ്രവൃത്തിക്കും ഭരണാനുമതി നൽകിയിട്ടില്ല. പദ്ധതിയേതര ഇനത്തിൽപ്പെടുത്തി വിവിധ അറ്റകുറ്റ പണികൾക്കും കലുങ്കുകളുടെ നിർമ്മാണത്തിനും ഉപരിതലം പുതുക്കൽ പ്രവൃത്തിക്കുമായി 3216.25 ലക്ഷം രൂപയുടെയും പതിമൂന്നാം ധനകാര്യകമ്മീഷൻ പ്രവൃത്തികൾക്കായി 1604 ലക്ഷം രൂപയുടെയും ഭരണാനുമതി ചീഫ് എൻജിനീയറുടെ അദ്ധ്യക്ഷതയിലുള്ള സ്റ്റേറ്റ് ലെവൽ ടാസ്ക് ഫോഴ്സ് നൽകിയിട്ടുണ്ട്. (വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു).<br>കണ്ണൂർ ദേശീയ പാതാവിഭാഗത്തിന്റെ പരിധിയിൽ താഴെ പറയുന്ന 2 റോഡ് നിർമ്മാണ പ്രവൃത്തികൾ കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ 2011-12 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>1. Improvement of Riding Quality from Km.107/705 to 109/000 and Km.110/000 to 125/000 of NH 17 ( 10 Crores)<br>2. IRQP providing 30 mm BC from Km.157/000 to 167/000 of NH 17 (5 Crores)<br>പ്രസ്തുത പ്രവൃത്തികൾക്കുള്ള പുതുക്കിയ അടങ്കൽ തയ്യാറാക്കി അംഗീകാരത്തിനായി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

. . . 2

ഭരണാനുമതി നൽകിയിട്ടുണ്ടെന്നും, ഓരോ പ്രവൃത്തികളുടെയും എസ്റ്റിമേറ്റ് തുക എത്ര ആണെന്നും വ്യക്തമാക്കുമോ ?

യിട്ടില്ല.
ദേശീയ പാതാവിഭാഗത്തിന്റെ പരിധിയിലുള്ള ദേശീയപാത 17-ലെ തകരാറിലായ മൊയ്തു പാലത്തിന് പകരം പാലം പണിയുന്നതിന് 17 കോടി രൂപ കേന്ദ്ര ഉപരിതല ഗതാഗതവകുപ്പിന്റെ 2011-12 - ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തിക്കുള്ള 1899.10 ലക്ഷം രൂപയുടെ പുതുക്കിയ അടങ്കൽ അംഗീകാരത്തിനായി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.